II. അടിയന്തിരപ്രമേയം

നെയ്യാറ്റിൻകര മേരി മാതാ എൻജിനീയറിംഗ് കോളേജിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച കുട്ടികളെ പുറത്താക്കിയ സംഭവം

മി. ഡെപ്യൂട്ടി സ്പീക്കർ : നെയ്യാറ്റിൻകര മേരി മാതാ എൻജിനീയറിംഗ് കോളേജിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ 120-ഓളം എൻജിനീയറിംഗ് വിദ്യാർത്ഥികളെ മാനേജ്മെന്റ് നിശ്ചയിച്ച നിരക്കിൽ ഫീസ് നൽകാത്തതിനാൽ ക്ലാസിൽ നിന്ന് കൂട്ടത്തോടെ പുറത്താക്കിയിരിക്കുന്നു. മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ് നിരക്ക് എന്ന നിയമ വ്യവസ്ഥ അംഗീകരിക്കേണ്ടതില്ല എന്ന് സ്വാശ്രയ എൻജിനീയറിംഗ് കോളേജ് മാനേജ്മെന്റുകൾ തീരുമാനിച്ചിരിക്കുന്നതുമൂലം വിദ്യാർത്ഥികളിലും രക്ഷകർത്താക്കളിലും ഉന്നത വിദ്യാഭ്യാസ മേഖലയിലാകെയും ആശങ്ക ഉളവാക്കിയിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വ ശ്രീ. പി. എസ്. സുപാൽ, മത്തായി ചാക്കോ, എ. എ. അസീസ്, സി. കെ. നാണു, പി. സി. ജോർജ്ജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): നെയ്യാറ്റിൻകര മേരി മാതാ എൻജിനീയറിംഗ് കോളേജിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നൽകിയ 120-ഓളം എൻജിനീയറിംഗ് വിദ്യാർത്ഥികളെ 7-7-2004-ന് മാനേജ്മെന്റ് ക്ലാസ്സിൽ നിന്നും പുറത്താക്കിയിരിക്കുകയാണ്. എൻജിനീയറിംഗിനെ സംബന്ധിച്ച് മെറിറ്റ് സീറ്റിൽ മുമ്പ് നൽകിയ ഫീസ് തുടർന്ന് നൽകേണ്ടതില്ല എന്ന ഗവണ്മെന്റ് ഓർഡർ ഇറക്കിയിരിക്കുകയാണ്. സർക്കാർ പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഓർഡർ അനുസരിച്ച് 2003-ൽ ഗവണ്മെന്റ് കോട്ടായിൽ പ്രവേശനം കിട്ടിയ വിദ്യാർത്ഥികളിൽ നിന്ന് 2004-2005 വർഷം മുതൽ ഗവണ്മെന്റ് കോട്ടായിലെ റേറ്റിൽ മാത്രമേ ഫീസ് ഈടാക്കാവൂ എന്ന നിബന്ധനയുണ്ട്. ഈ ഓർഡറിനെതിരായി മാനേജ്മെന്റ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നതിനാൽ വിഷയം സബ് ജുഡിസ് ആകുമെന്നതിനാൽ ഇക്കാര്യത്തിൽ ഉടൻ നടപടിയെടുക്കാൻ സാദ്ധ്യമല്ല. ഏതായാലും ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ച കാര്യം ഗവണ്മെന്റ് ശ്രദ്ധിക്കുന്നതാണ്; അന്വേഷണം നടത്തുന്നതാണ്. ആവശ്യമായ നടപടി എന്താണെന്ന് നോക്കാം.

ശ്രീ. പി. എസ്. സുപാൽ : നെയ്യാറ്റിൻകര മേരി മാതാ കോളേജ് ഓഫ് എൻജിനിയറിംഗ് എന്ന സ്വാശ്രയ എൻജിനീയറിംഗ് സ്ഥാപനത്തിലെ ഏതാണ്ട് 120-ഓളം വിദ്യാർത്ഥികളെ ക്ലാസ്സിൽ നിന്നും പുറത്താക്കിയിരിക്കുകയാണ്. മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച 120-ഓളം വിദ്യാർത്ഥികളെയാണ് 36,000 രൂപ നൽകണമെന്ന് പറഞ്ഞുകൊണ്ട് മാനേജ്മെന്റ് പുറത്താക്കിയിരിക്കുന്നത്. ജൂൺ 28-ന് ഇറക്കിയ ഉത്തരവിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പറയുകയുണ്ടായി. 2003 മുതൽ മെറിറ്റിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളിൽനിന്ന് ഗവണ്മെന്റ് കോളേജിലെ ഫീസേ ഈടാക്കാവൂ എന്നുള്ള ഉത്തരവ് ഗവണ്മെന്റ് കൊടുത്തിട്ടുണ്ട്. മാത്രമല്ല കഴിഞ്ഞ ദിവസം പാസ്സാക്കിയ നിയമത്തിൽ 50 ശതമാനം മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ഗവണ്മെന്റ് കോളേജിലെ ഫീസേ ഈടാക്കാവൂ എന്നുള്ള വ്യവസ്ഥ നിലനിൽക്കെയാണ്, ഈ നിയമം പാസ്സാക്കിയതിന്റെ തൊട്ടുപുറകെയാണ്, മാനേജ്മെന്റ് മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളിൽനിന്ന് കൂടുതൽ ഫീസ് ആവശ്യപ്പെട്ട് അവരെ ക്ലാസ്സിൽ നിന്ന് പുറത്താക്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച് ആ സ്ഥാപനത്തിലെ 120 വിദ്യാർത്ഥികൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കൊടുത്ത പരാതിയുടെ പകർപ്പ് എന്റെ കൈവശം ഉണ്ട്. പലപ്പോഴും തെളിവുണ്ടോ എന്ന് നിങ്ങൾ ചോദിക്കുമല്ലോ. അതിൽ പറഞ്ഞിരിക്കുന്നത് "Inspite of the Government's Order, we the students of Mary Matha College of Engineering are suffering from mental stress from our management because of the fee structure following here. As per the Government Order we are ready to pay ₹ 4,000 as fee. But our management refused to accept it. They are compelling us to pay last year fee of Rs. 36,000. We are not permitted to attend the class for two days." വിദ്യാർത്ഥികൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എഴുതിക്കൊടുത്ത പരാതിയാണിത്. ഇവിടെ ഈ കോളേജിൽ മാത്രമല്ല എല്ലാ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഭീമമായ ഫീസ് ഈടാക്കിക്കൊണ്ടിരിക്കുകയാണ്. ട്യൂഷൻ ഫീസ് എന്ന രൂപത്തിൽ ആയിരക്കണക്കിന് രൂപ പിരിക്കുന്നു. ഫീസ് എന്ന ഇനത്തിൽ ആയിരക്കണക്കിന് രൂപ പിരിക്കുന്നു. ആബ്സന്റായതിന് ഫൈൻ ഈടാക്കുന്നു. എക്സാം എഴുതിയില്ലായെങ്കിൽ പെനാൽറ്റി ഈടാക്കുന്നു. ഇന്റേണൽ മാർക്ക് കൊടുക്കുകയില്ല എന്നു പറഞ്ഞുകൊണ്ട് സ്വാശ്രയ മാനേജ്മെന്റ് വിദ്യാർത്ഥികളെ ഭീഷണിപ്പെടുത്തുകയാണ്. ഇവിടെ മാത്രമല്ല വട്ടപ്പാറയിലുള്ള സ്വകാര്യ ദന്തൽ കോളേജിൽ ജൂൺ 14 മുതൽ 9 വിദ്യാർത്ഥികളെ ക്ലാസ്സിൽ നിന്നും പുറത്താക്കിയിരിക്കുകയാണ്. മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച ആ 9 വിദ്യാർത്ഥികളും കൂടുതൽ ഫീസ് നൽകണമെന്നു പറഞ്ഞാണ് ഇറക്കിവിട്ടിരിക്കുന്നത്. അതു സംബന്ധിച്ച് ഒരു നടപടിയും ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടില്ല. കാരക്കോണം മെഡിക്കൽ കോളേജിൽ 39 വിദ്യാർത്ഥികളെ പുറത്താക്കിയിരിക്കുകയാണ്. കേരളത്തിലെ എല്ലാ സ്വാശ്രയ സ്ഥാപനങ്ങളിലേയും മാനേജ്മെന്റ്, മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളെ പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവണ്മെന്റ് ഒന്നും ചെയ്യുന്നില്ല. നമ്മുടെ സംസ്ഥാനത്ത് സ്വാശ്രയ കോളേജുകൾ ആരംഭിക്കുമ്പോൾ ഞങ്ങൾ ശക്തമായി ആവശ്യപ്പെട്ടതാണ് 50 ശതമാനം മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ കൊടുക്കണമെന്ന്. ഈ ഗവണ്മെന്റ് അത് അംഗീകരിക്കാൻ തയ്യാറായില്ല. രണ്ട് സ്വാശ്രയ കോളേജുകൾ സമം ഒരു ഗവണ്മെന്റ് കോളേജ് എന്ന നിലയിൽ നിയമം നിർമ്മിക്കുമെന്ന് നിങ്ങൾ പറഞ്ഞതാണ്. ഇങ്ങനെ ആദ്യം മുതൽ പറഞ്ഞുകൊണ്ടിരുന്ന ഗവണ്മെന്റ് അതിന് തയ്യാറാകാത്ത സമീപനമാണ് എടുക്കുന്നത്. ഞങ്ങൾക്ക് സമരം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ടിവന്നു. കേരളത്തിലെ വിദ്യാർത്ഥികളും ചെറുപ്പക്കാരും ഇടതുപക്ഷ പ്രസ്ഥാനങ്ങളും സമരം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് അവസാനം ഗവണ്മെന്റ് ഇത്തരം ഒരു നിയമനിർമ്മാണം നടത്താൻ നിർബന്ധിതമായിത്തീർന്നത്. പക്ഷെ, ആ നിയമത്തിലെ വ്യവസ്ഥകൾ ആർക്കുവേണ്ടിയുള്ളതാണ്? ആ നിയമത്തിലെ വ്യവസ്ഥ ഇവിടത്തെ വിദ്യാർത്ഥി സമൂഹത്തിനു വേണ്ടിയായിരുന്നില്ല; മറിച്ച് സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുന്നതിനു വേണ്ടിയായിരുന്നു. അതിനുവേണ്ടിയാണ് ഇവിടെ നിയമം പാസ്സാക്കിയത്. 50 ശതമാനം സീറ്റിൽ അവർക്ക് തോന്നിയതുപോലെ ഫീസ് വാങ്ങിക്കുവാനുള്ള അനുവാദം കൊടുക്കുകയുണ്ടായി. അതുപോലെ കൃാപ്പിറ്റേഷൻ ഫീസ് വാങ്ങാനുള്ള മൗനാനുവാദം ഈ നിയമനിർമ്മാണം വഴി നൽകിയിരിക്കുകയാണ്. അതിനുള്ള പഴുതുകൾ ഉണ്ടാക്കുന്ന നിയമമാണ് ഗവണ്മെന്റ് ഇവിടെ പാസ്സാക്കിയത്. വിദ്യാർത്ഥികളെ സഹായിക്കുന്നതിനോ കേരളീയ സമൂഹത്തെ സഹായിക്കുന്നതിനോ വേണ്ടിയല്ല നിങ്ങൾ ആ ബിൽ ഇവിടെ പാസ്സാക്കിയത്. നിങ്ങൾക്ക് നേതൃത്വം നൽകുന്ന, നിങ്ങളെ സ്വാധീനിക്കുന്ന സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുന്നതിനു വേണ്ടിയാണ് ഈ നിയമനിർമ്മാണം നിയമസഭയിൽ നടത്തിയത്. യഥാർത്ഥത്തിൽ ഇവിടെ കളളക്കളിയാണ് നടക്കുന്നത്. സ്വാശ്രയ മാനേജുമെന്റിന് എന്ത് തീരുമാനവും വിദ്യാർത്ഥികളുടെമേൽ അടിച്ചേൽപ്പിക്കുവാനുള്ള ഒരു സ്ഥിതി വന്നിരിക്കുകയാണ്. സ്വാശ്രയ മാനേജുമെന്റും ഗവൺമെന്റും തമ്മിലുള്ള ഒത്തുകളിയാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഇതുപോലെ വഴിവിട്ട പ്രശ്നങ്ങളുണ്ടാകുന്നത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഉത്തരവിന് മാനേജുമെന്റ് വില കൽപ്പിച്ചിട്ടില്ല. മാനേജുമെന്റ് ഉത്തരവുകൾ കൊടുക്കുന്നു, കേരള നിയമസഭ നിയമം പാസ്സാക്കുന്നു. അവിടത്തെ മാനേജർ പറയുന്നത് എന്താണ്? ഗവൺമെന്റ് ഇങ്ങനെ ഓരോന്നുപറയും അതൊന്നും കേൾക്കുവാൻ ഞങ്ങൾക്ക് സൗകര്യമില്ല എന്നാണ്. കേരള ഗവൺമെന്റിന്റെ തീരുമാനത്തിന് വില കൽപ്പിക്കാത്ത സമീപനമാണ് സ്വാശ്രയ മാനേജുമെന്റുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആ സമീപനം തിരുത്തുവാൻ തയ്യാറാകണം. ഇത് വ്യക്തമായ തെളിവാണ്. ഈ സ്ഥാപനത്തിനെതിരെ നടപടി ഉണ്ടാകണം. വിദ്യാർത്ഥികളെ സമ്മർദ്ദം ചെലുത്തി അമിതഫീസ് വാങ്ങുവാൻവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. വിദ്യാർത്ഥികളെ പുറത്താക്കിയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അഫിലിയേഷൻ റദ്ദ് ചെയ്യണം. ആ വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള സംവിധാനമുണ്ടാകണം. കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ ലോബിയെ സഹായിക്കുന്ന സമീപനം തിരുത്തുവാൻ ഗവൺമെന്റ് തയ്യാറാകണം. കേരളത്തിലെ വിദ്യാർത്ഥികളെ ബാധിക്കുന്ന പ്രധാനപ്പെട്ട ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. മേരി മാതാ എഞ്ചിനീയറിംഗ് കോളേജുപോലെ മെറിറ്റിൽ അഡ്മിഷൻ കിട്ടിയ ഇത്തരം കോളേജുകളിൽ ഒരു പ്രത്യേക ഫീസ് നിശ്ചയിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. സംസ്ഥാനത്തെ പല മാനേജുമെന്റുകളും കുട്ടികളെ ക്ലാസ്സിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും പുറത്താക്കുകയാണ്. ഇതൊരു മോഡൽ കേസ്സായിട്ട് എടുക്കണം. ഇന്നു തന്നെ ഗവൺമെന്റിന്റെ ഉന്നതതല ഉദ്യോഗ സംഘത്തെ ആ കോളേജിൽ അയ യ്ക്കുകയും പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്യണം. തടസ്സം കൂടാതെ കുട്ടി കളുടെ പഠിപ്പ് തുടരണം. ഇത് സംബന്ധിച്ച് വ്യക്തമായ നടപടി വളരെ വേഗ ത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതിൽ യാതൊരു ആക്ഷേപവുമില്ല. സംശുദ്ധമായി നിയമം പാസ്സാക്കി. മാനേജുമെന്റ് അസോസിയേഷൻ ഭാരവാഹികൾ കേസ് കൊടുക്കുവാൻ 7-7-2004-ന് ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. അവർ ശക്തമായി ഗവൺമെന്റ് ബില്ലിനെ എതിർക്കുന്നു; ഈ ഉത്തരവിനെ എതിർക്കുന്നു. മറുഭാഗത്ത് വിദ്യാർത്ഥികൾക്ക് ഭീഷണി. വിദ്യാർത്ഥികൾ പറഞ്ഞു, നാലായിരം രൂപയേ ഗവൺമെന്റ് ഫീസുള്ളൂ. അത് തരാനേ ഞങ്ങൾക്ക് ബാധ്യതയുള്ളൂവെന്ന്. ഈ രണ്ട് പ്രശ്നത്തിലും ഗവൺമെന്റും നിങ്ങളെപ്പോലെ സാമൂഹ്യമായി ചിന്തിക്കുന്നവരും ഇപ്പോൾ പ്രയാസത്തിലാണ്. എന്താണ് മാർഗ്ഗമെന്ന് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. മാർഗ്ഗം ആലോചിച്ചിട്ട് എല്ലാപേരും യോജിച്ചുകൊണ്ട് ഗവൺമെന്റ് ഫീസ് വർദ്ധിപ്പിക്കുവാൻ പറ്റുമോ യെന്ന് നോക്കണം. പശ്ചിമ ബംഗാളിൽ 8000 രൂപയാണ് ഗവൺമെന്റ് ഫീസ്. .....(ബഹളം)..... കാലോചിതമായി ഫീസ് വർദ്ധിപ്പിക്കണം. മറ്റ് സംസ്ഥാനങ്ങളിലൊന്നും കേരള ഗവൺമെന്റിന്റെ ഫീസല്ല. അതിനെക്കുറിച്ച് ആലോചിക്കണമെന്നതാണ് ഞാൻ പറഞ്ഞത്. ഏതായാലും ഈ കാര്യങ്ങൾ അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കണം. ഇത് സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ഇപ്പോൾ കൂടുതലായി ഒന്നും പറയുന്നില്ല. അത് സംബന്ധിച്ച് അന്വേഷിക്കാം. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല. അടിയന്തിര പ്രമേയാവതരണ ത്തിന് അനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, നമ്മുടെ വകുപ്പുമന്ത്രിയുടെ മറുപടി ഗവൺമെന്റ് ഉത്തരവ് ലംഘിച്ച ധിക്കാരികളായ മാനേജുമെന്റിന്റെ സമീപനത്തോടല്ല. അദ്ദേഹം ചൈനയേയും റഷ്യയേയും പശ്ചിമ ബംഗാളിനേയും ഉദാഹരിച്ചുകൊണ്ട് മാനേജുമെന്റിന്റെ ഈ ധിക്കാരപരമായ സമീപനത്തെ ന്യായീകരിക്കുവാൻ ശ്രമിക്കുകയാണ്. എത്ര നാണംകെട്ട സമീപ നമാണ് മന്ത്രിയുടേത്! ഗവൺമെന്റ് ഉത്തരവ് ലംഘിച്ച മാനേജുമെന്റിന്റെ അഫിലിയേഷൻ ക്യാൻസൽ ചെയ്യുമെന്ന് പ്രഖ്യാപിക്കുമെന്നാണ് ഞങ്ങൾ കരുതി യത്. ഇത്ര അന്തസ്സുകെട്ട ഒരു മറുപടി നിങ്ങളിൽനിന്നും ഏതായാലും ഞങ്ങൾ പ്രതീക്ഷിച്ചില്ല. ഗവൺമെന്റ് ഉത്തരവ് ലംഘിച്ച മാനേജുമെന്റിന്റെ ധിക്കാരപര മായ നയസമീപനങ്ങളെ എതിർക്കുവാൻ തയ്യാറുണ്ടോ? ഇപ്പോൾത്തന്നെ അത്

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് പ്രഖ്യാപിക്കുവാൻ തയ്യാറുണ്ടോ? അവർ കോടതിയെ സമീപിച്ചാൽ അതിൽ നമുക്ക് എന്ത് ബാധ്യതയാണുള്ളത്? അങ്ങനെ കോടതിയിൽപ്പോയാൽത്തന്നെ നമുക്ക് ഗവൺമെന്റ് വഹിലിക്കാരില്ലേ? ആവശ്യമായ നടപടികൾ ആ വഴിക്ക് സ്വീകരിക്കണം. ഇവിടെ പ്രശ്നം, ഒരു മാനേജ്മെന്റ് ഗവൺമെന്റ് ഉത്തരവ് ലംഘിച്ചു എന്നുള്ളതാണ്. ഗവൺമെന്റ് കോളേജുകൾക്ക് നിശ്ചയിച്ച ഫീസ് വാങ്ങിക്കൊണ്ട് അവരെ പഠിപ്പിക്കുമെന്ന് പറഞ്ഞ് ആദ്യം കുട്ടികളെ അഡ്മിറ്റ് ചെയ്തു പഠിപ്പിച്ചു. അതിനുശേഷം ഇപ്പോൾ കുട്ടികളെ പുറത്താക്കിയിരിക്കുകയാണ്. കുട്ടികളോടുള്ള വെല്ലുവിളിയല്ല. ഗവൺമെന്റിനോട്, ഈ സഭയോടുള്ള വെല്ലുവിളിയാണ് നടത്തിയിരിക്കുന്നത്. അതിൽ ശക്തമായ നടപടി സ്വീകരിക്കാതെ മാനേജുമെന്റിന്റെ ധിക്കാരപരമായ നടപടിക്ക് കീഴ്വഴങ്ങിയ ഈ ഗവൺമെന്റിന്റെ നാണംകെട്ട സമീപനത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. വി.എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വിദ്യാർത്ഥികൾ എഴുതി ഒപ്പിട്ട് രണ്ടു ദിവസം മുമ്പുതന്നെ ഇത് സംബന്ധിച്ച് നിവേദനം കൊടുത്തതാണ്. ഈ വിഷയം ഇന്നലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽകൊണ്ടുവന്നതാണ്. ഇത് സംബന്ധിച്ച് ഇന്നലെ കൂടിയ ക്യാബിനറ്റിൽ ഗൗരവമായി ആലോചിച്ച് ചർച്ച നടത്തിയിരുന്നുവെങ്കിൽ ഇന്നലെത്തന്നെ മാനേജുമെന്റിന്റെ പേരിൽ നടപടി എടുക്കുവാൻ സാധിക്കുമായിരുന്നു. നേരെമറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് എന്താണ്? ഫീസ് കൂട്ടണമെന്നകാര്യം ആലോചിക്കണമെന്നാണ്. കേരളത്തിലുള്ളവർ മാത്രമല്ല കേരളത്തിനു വെളിയിലുള്ളവരും വളരെ ശ്രദ്ധാപൂർവ്വം നമ്മുടെ നിയമനിർമ്മാണ ചർച്ച ശ്രദ്ധിച്ചവരാണ്. നമ്മൾ ഈ നിയമസഭയിൽ വളരെ സമയം ചെലവഴിച്ച് ചർച്ച ചെയ്ത് പ്രതിപക്ഷത്തിന്റെ എതിർപ്പോടെ നിയമം പാസ്സാക്കി 50 ശതമാനം മെറിറ്റിൽ ചേർത്ത വിദ്യാർത്ഥികളുടെ ഫീസ് സംബന്ധിച്ച് നമ്മൾ തമ്മിൽ പൂർണ്ണമായി യോജിച്ച വിഷയത്തിൽ ഈ നിയമസഭയെ വെല്ലുവിളിച്ചുകൊണ്ടല്ലേ ഈ കോളേജിൽ മാനേജുമെന്റ് മുഴുവൻ വിദ്യാർത്ഥികളേയും പുറത്താക്കി, അവരെ മാനസ്സികമായി തളർത്താനും തകർക്കുവാനും ശ്രമിച്ചത്? അവരുടെ മുന്നിൽ ഗതികെട്ട് മുട്ടുമടക്കി നിൽക്കുന്ന കാഴ്ചയാണിത്. കേരളത്തിലെ മറ്റ് മാനേജുമെന്റുകൾ കേട്ടാൽ നാളെ മുതൽ കേരളത്തിലുടനീളം സ്വാശ്രയ മാനേജുമെന്റുകൾ നടത്തുന്ന കോളേജുകളിലെ വിദ്യാർത്ഥികളെ തെരുവിലേയ്ക്ക് വലിച്ചെറിയപ്പെടുമെന്ന കാര്യം മന്ത്രി മറന്നുപോകരുത്. ആർക്കെതിരെയാണ് അവർ വെല്ലുവിളിക്കുന്നത്? നിയമനിർമ്മാണത്തിനെയാണ് അവർ വെല്ലുവിളിക്കുന്നത്. ഈ ഗവൺമെന്റ് കൊണ്ടുവരുന്ന രണ്ട് സ്വകാര്യ കോളേജ് = ഒരു ഗവൺമെന്റ് കോളേജ് എന്ന തത്വത്തെയാണ് അവർ വെല്ലുവിളിക്കുന്നത്. അതിന് എതിരായി നടപടി സ്വീകരിക്കുന്നതിനുപകരം അവരുടെ മുന്നിൽ മുട്ടുമടക്കി നിൽക്കുന്ന മന്ത്രിയുടെയും ഈ ഗവൺമെന്റിന്റേയും നിലപാട് കേരളം ലജ്ജയോടുകൂടിയാണ് കാണുന്നത്. ഒരു കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. നിങ്ങൾ 28-ാം തീയതി ഇറക്കിയ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly

മാനേജുമെന്റ് കണ്ടില്ലെന്ന് പറഞ്ഞു. ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയുടെ ഓഫീസിൽനിന്നോ കമ്മീഷണറുടെ ഓഫീസിൽനിന്നോ ഈ ഉത്തരവിന്റെ കോപ്പി പോലും ഈ മാനേജുമെന്റുകൾക്ക് എത്തിച്ചുകൊടുത്തില്ല. പത്രവാർത്ത അംഗീകരിക്കേണ്ട കാര്യമില്ല. കോടതിയിൽപ്പോകുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ സബ്ജുഡീസ് ആകും അതൊന്നും പറയുവാൻ നിവൃത്തിയില്ലായെന്ന് നിയമസഭയിൽ പറഞ്ഞു. ഒരു കാര്യം കൂടി പറയുകയാണ്. നമ്മളെ വെല്ലുവിളിച്ചുകൊണ്ട് കോടതിയിൽ പോയി നോട്ടീസ് കൊടുക്കുകയോ, ഒരു ഹർജി കൊടുക്കുകയോ ചെയ്തതിനുശേഷം അതു സംബന്ധിച്ച് നിയമസഭയിൽ മറുപടി പറഞ്ഞാൽ എങ്ങനെയാണ് സബ്ജുഡീസ് ആകുന്നത്? നിയമസഭയിൽ കാര്യങ്ങൾ പറയാനും, കാര്യങ്ങൾ വിശദീകരിക്കാനുള്ള അവകാശത്തെ എവിടെയാണ് നിഷേധിക്കുന്നത്? കാര്യങ്ങൾ സഭയിൽ പറയണ്ടേ? മാനേജുമെന്റുകൾക്ക് കോടതിയിൽ പോയി, സുപ്രീംകോടതി വരെ പോയി അവരുടെ ഇഷ്ടം പോലെ കാര്യങ്ങൾ സാധിക്കാം. കേരളത്തിലെ വിദ്യാർത്ഥികളുടെ ഈ വർഷത്തെ അഡ്മിഷൻ മുഴുവൻ ഈ നിയമത്തെ മറികടന്നുകൊണ്ട് ഇഷ്ടംപോലെ കച്ചവടം നടത്താനുള്ള അവസരമാണ് നിങ്ങൾ ഒരുക്കുന്നത്. അതിന്റെ ആദ്യത്തെ ഉദാഹരണമാണിത്. ആ കുട്ടികളും അവരുടെ രക്ഷകർത്താക്കളും നിയമസഭയുടെ മുമ്പിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി വരുകയാണ്. അവരുടെ മുമ്പിൽ നിങ്ങൾ എന്തു മറുപടി പറയും? ഈ നിലപാടിൽ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിയും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, കഴിഞ്ഞ തിങ്കളാഴ്ചയാണ് സഭ ഒരു നിയമം പാസ്സാക്കിയത്. അതിന്റെ വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകാം. എങ്കിലും താരതമ്യേന രണ്ടു കൂട്ടരും യോജിച്ച ഒരവസ്ഥയാണ് അന്നുണ്ടായിരുന്നത്. മെറിറ്റ് കാറ്റഗറിയിൽ അഡ്മിഷൻ കിട്ടുന്നവർക്ക് സർക്കാർ കോളേജിൽ നിലവിലുള്ള ഫീസ് ഈടാക്കുമെന്ന കാര്യത്തിൽ അപ്പുറത്തുള്ളവർക്കും ഇപ്പുറത്തുള്ളവർക്കും അഭിപ്രായവ്യത്യാസമില്ല. ആ വ്യവസ്ഥയാണ് യഥാർത്ഥത്തിൽ സ്വാശ്രയ സ്വകാര്യ മാനേജുമെന്റുകൾ ലംഘിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷം അഡ്മിഷൻ കിട്ടി പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ സർക്കാർ കോളേജിൽ നിലവിലുള്ള ഫീസിനെക്കാൾ കൂടുതൽ കൊടുക്കണമെന്ന് പറയുന്നു. കുട്ടികൾ അതു കൊടുക്കാൻ തയ്യാറല്ല. അവർക്ക് അതിനു കഴിയില്ല. അവരെയാണ് പുറത്താക്കുന്നത്. അങ്ങനെയൊരവസ്ഥാവിശേഷത്തെ ഇതികർത്തവ്യതാമൂഢമായി നോക്കിനിൽക്കുന്ന ഒരു സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. മാത്രമല്ല, സ്വാശ്രയ നിയമത്തെ സംബന്ധിച്ചുപോലും ഈ ഗവൺമെന്റിന് ആത്മാർത്ഥതയില്ലെന്നാണ് അറിയുന്നത്. തിങ്കളാഴ്ച നിയമസഭ പാസ്സാക്കിയ നിയമം ഗവർണ്ണറുടെ അംഗീകാരത്തിനുവേണ്ടി ഇതുവരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും അയച്ചിട്ടില്ലായെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

അറിയാൻ കഴിഞ്ഞത്. നിയമസഭയെ സംബന്ധിച്ചിടത്തോളവും, നിയമസഭയുടെ ബിസിനസ് അഡ്വൈസറി കമ്മിറ്റിയെ സംബന്ധിച്ചിടത്തോളവും ഈ നിയമത്തിന്റെ പ്രാധാന്യവും ഗൗരവവും കണക്കിലെടുത്ത് ഉച്ച കഴിഞ്ഞ് മന്നിലേറെ ദിവസങ്ങൾ സഭ സമ്മേളിച്ച്, തിങ്കളാഴ്ച രാത്രി 10 മണി കഴിയുംവരെ ഇരുന്ന് പാസ്സാക്കിയ ഒരു നിയമം, അടിയന്തിരപ്രാധാന്യത്തോടുകൂടി പാസ്സാക്കിയ ഒരു നിയമം ഇതുവരെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് ഗവർണ്ണറുടെ ഓഫീസിലേയ്ക്ക് പോയിട്ടില്ല എന്നുപറഞ്ഞാൽ അത് മാനേജുമെന്റുകൾക്ക് ഈ നിയമത്തെ ചോദ്യം ചെയ്യാനുള്ള അവസരം ഗവൺമെന്റ് ഒരുക്കിക്കൊടുക്കുകയാണ്. ശ്രീ. നാലകത്ത് സൂപ്പി ഇവിടെ പറഞ്ഞത് കോടതിയിൽ ആരോ പോയിരിക്കുകയാണ് അതുകൊണ്ട്, അതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതും നടപടി സ്വീകരിക്കുന്നതും സബ്ജുഡീസ് ആണെന്നാണ്. ഇങ്ങനെയൊരു സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കുന്നത് ശരിയല്ല. ഇതു സംബന്ധിച്ച എല്ലാ പ്രശ്നങ്ങളും വിശദമായി ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. നിയമസഭ പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന രംഗത്തുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ വിശദമായി സഭ ചർച്ച ചെയ്യേണ്ടതാണ്. അതിനു തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഡോ. എ. നീലലോഹിതദാസൻ നാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി)

III. ശ്രദ്ധക്ഷണിക്കൽ

(1) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. ടി. കെ. ദേവകുമാർ: സർ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കയർ. എല്ലാ നിയമസഭാ സമ്മേളനത്തിലും കൃത്യമായി ഞാൻ ഇങ്ങനെയൊരു കാളിംഗ് അറ്റൻഷൻ അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്യും. പക്ഷേ കയറിന്റെ സ്ഥിതി പഴയപടിയിൽ നിന്നും കാര്യമായി മുന്നോട്ടു പോകുന്നില്ല എന്നതാണ് സത്യം. സംസ്ഥാന സർക്കാർ പരമ്പരാഗത വ്യവസായങ്ങൾക്കുവേണ്ടി മാറ്റിവച്ച ഫണ്ടിനെ സംബന്ധിച്ചും അതിൽ എത്ര തുക ചെലവഴിക്കാൻ കഴിഞ്ഞുവെന്നതിനെ സംബന്ധിച്ചും വസ്തുതാപരമായ പരിശോധനയ്ക്ക് ഐക്യജനാധിപത്യ മുന്നണിയുടെ രാഷ്ട്രീയ നേതൃത്വം തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ ഏറ്റവും കൂടുതൽ ജനങ്ങൾ പണിയെടുക്കുന്ന ഈ പൊതുമേഖലാ വ്യവസായം ഇന്ന് ഏതാണ്ട് സ്വകാര്യ മേഖലയുടെ പൂർണ്ണമായ നിയന്ത്രണത്തിൽ ആയിരിക്കുകയാണ്. സഹകരണ സംഘങ്ങളിൽ മഹാഭൂരിപക്ഷവും അടഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly